കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ലോക്കൽ ഗവൺ മെൻറ് കമ്മീഷന്റെ ചെലവുകൾക്കായി 2016-17 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയ തുക മാറി നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

===============================================================================

തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്

സ.ഉ. (എം.എസ്.) നം. 169 /16/തസ്വഭവ *തിരുവനന്തപുരം, തീയതി* ,16.11.2016

===============================================================================

പരാമർശം 1. സ.ഉ(എം.എസ്) നം.273/2012/തസ്വഭവ തീയതി 22/10/12.

2. സ.ഉ(എം.എസ്) നം.94/2016/തസ്വഭവ തീയതി 29/07/16

3. സ.ഉ(എം.എസ്) നം.148/2016/തസ്വഭവ തീയതി 21/10/16.

4. ലോക്കൽ ഗവൺ മെൻറ് കമ്മീഷൻ ചെയർമാന്റെ 9/08/16-ലെ കത്ത്.

ഉത്തരവ്

കേരളത്തിലെ അധികാര വികേന്ദ്രീകരണ പ്രക്രിയയെ സ്ഥാപനവൽക്കരിക്കുന്നത് ത്വരിതഗതിയിലാക്കുന്നതിനായി പരാമർശം 1 പ്രകാരം ഒരു ലോക്കൽ ഗവൺ മെന്റ് കമ്മീഷൻ രൂപീകരിച്ച് ഉത്തരവായിരുന്നു. ലോക്കൽ ഗവൺ മെന്റ് കമ്മീഷന്റെ കാലാവധി 10/05/2016-ൽ അവസാനിച്ച സാഹചര്യത്തിൽ പരാമർശം 2 പ്രകാരം ഡോ.സി.പി.വിനോദിനെ ലോക്കൽ ഗവൺ മെന്റ് കമ്മീഷന്റെ പുതിയ ചെയർമാനായി നിയമിച്ചുകൊണ്ടും പരാമർശം 3 പ്രകാരം ലോക്കൽ ഗവൺ മെന്റ് കമ്മീഷനെ 29/07/2016 മുതൽ പുനരുജ്ജീവിപ്പിച്ച് പുനഃസംഘടിപ്പിച്ചുകൊണ്ടും ഉത്തരവായിരുന്നു.

2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ലോക്കൽ ഗവൺ മെന്റ് കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി ശമ്പള ഇനത്തിൽ 10,35,000/- രൂപയും ശമ്പളേതര ഇനത്തിൽ 1,32,000/- രൂപയും ചെലവഴിക്കുന്നതിന് കമ്മീഷന്റെ കൺ ട്രോളിംഗ് ഓഫീസറായ പഞ്ചായത്ത് ഡയറക്ടർക്ക് ഭരണാനുമതി നൽകണമെന്ന് കമ്മീഷൻ ചെയർമാൻ പരാമർശം 4 പ്രകാരം സർക്കാരിനോടഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 29/07/2016 മുതൽ മുൻകാല പ്രാബല്യത്തോടെ ലോക്കൽ ഗവൺ മെന്റ് കമ്മീഷൻ പുനഃസംഘടിപ്പിച്ച സാഹചര്യത്തിൽ 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ലോക്കൽ ഗവൺ മെന്റ് കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിരിക്കുന്ന തുക മാറി നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

ലോക്കൽ ഗവൺ മെന്റ് കമ്മീഷന്റെ കാലാവധി 10/05/2016-ന് അവസാനിക്കുകയും 29/07/16 മുതൽ മുൻകാല പ്രാബല്യത്തിൽ പുനഃസംഘടിപ്പിക്കുകയും ചെയ്ത സാഹചര്യത്തിൽ

കമ്മീഷൻ നിലവിലില്ലാതിരുന്ന 11/05/16 മുതൽ 28/07/16 വരെയുള്ള കാലത്തെ വേതനം അനുവദിക്കാൻ പാടില്ലായെന്നും ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എൻ. വിശ്രുതൻ ആചാരി
ഡെപ്യൂട്ടി സെക്രട്ടറി

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
2. ചെയർമാൻ, ലോക്കൽ ഗവൺ മെൻറ് കമ്മീഷൻ, സ്വരാജ് ഭവൻ, തിരുവനന്തപുരം.
3. സെക്രട്ടറി, ലോക്കൽ ഗവൺ മെൻറ് കമ്മീഷൻ, സ്വരാജ് ഭവൻ, തിരുവനന്തപുരം.
4. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
5. ഡയറക്ടർ, കില, മുളകുന്നത്തുകാവ്, തൃശ്ശൂർ
6. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.
7. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം.
8. ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
9. എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർ മേഷൻ കേരള മിഷൻ, തിരുവനന്തപുരം.
10. ധനകാര്യ വകുപ്പ് (10.11.2016-ലെ ഡെവ.3/389/2015/ധന പ്രകാരം).
11. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

പകർപ്പ്:-

സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം, തിരുവനന്തപുരം.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.